# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 3531. | 10..4..2013-ൽ മറുപടിക്ക്

## പാലിന്റെ ഗുണമേന്മ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽകുമാർ:<br>ശ്രീ. ഇ.കെ. വിജയൻ:<br>ശ്രീ. വി. ശശി:<br>ശ്രീ. ചിറ്റയം ഗോപകുമാർ: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പാലിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിനുള്ള നടപടികൾ വിശദമാക്കുമോ; | (എ) ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോളർ ഓഫീസർമാർ, ക്ഷീരസംഘത്തിൽ അളക്കുന്ന പാലിന്റെ ഗുണമേന്മ വർദ്ധിപ്പിച്ച് ക്ഷീരകർഷകർക്ക് പരമാവധി വില ലഭ്യമാക്കാൻ ബോധവൽക്കരണ ക്ലാസ്സുകളും, സംഘത്തിൽ വച്ച് പാൽ ഗുണനിലവാര പരിശോധനയും നടത്തി ക്ഷീരകർഷകരെ ഗുണനിലവാരം ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ പാലിന്റെ ഗുണനിലവാരം സംബന്ധിച്ച് ഉപഭോക്താക്കൾക്കാവശ്യമായ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ നടത്തുകയും സംഘത്തിന് പാൽ ഗുണനിലവാര പരിശോധന ഉപകരണങ്ങൾ, ആയതിലേയ്ക്ക് വേണ്ട രാസവസ്തുക്കൾ എന്നിവ നല്കുകയും ചെയ്യുന്നു.<br><br>പാൽ വിതരണത്തിനായി തയ്യാറാക്കുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ മിൽമ കർശന ഗുണനിലവാര നിയന്ത്രണം ഉറപ്പാക്കുന്നുണ്ട്. ഇതിനു പുറമെ പാലിന്റെയും പാലുല്പന്നങ്ങളുടെയും സാമ്പിളുകൾ സർക്കാർ അനലിറ്റിക്കൽ ലബോറട്ടറികളിൽ അയച്ചു കൊടുത്ത് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്ന് പാല് വാങ്ങുമ്പോൾ മിൽമയിലെ ഗുണനിലവാര ഉദ്യോഗസ്ഥർ അയൽ സംസ്ഥാനത്തെ ഡയറികളിലും പോയി ഇടയ്ക്കിടയ്ക്ക് പരിശോധന നടത്താറുമുണ്ട്. |

| | | | |
|---|---|---|---|
| | | | അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലിന്റെ സാമ്പിളുകൾ ഉൾപ്പെടെ മാർക്കറ്റിൽ ലഭ്യമാകുന്ന പാൽ സാമ്പിളുകൾ ഫുഡ് സേഫ്റ്റി ഓഫീസർമാർ ശേഖരിച്ച് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നിയന്ത്രണ ത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന അനലിറ്റിക്കൽ ലാബിൽ പരിശോധിക്കാറുണ്ട്. പാലിന്റെ ഉപഭോഗം കൂടുന്ന ഓണം പോലുള്ള ഉത്സവ കാലത്ത് ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് സ്പെഷ്യൽ സ്ക്വാഡുകളുടെ നേതൃത്വത്തിൽ അന്യ സംസ്ഥാനത്തുനിന്നു വരുന്ന പാൽ പരിശോധനയ്ക്കായി എടുക്കാറുണ്ട്. പരി-ശോധനയിൽ ഗുണനിലവാരം കുറഞ്ഞതോ മായം ചേർത്തതായോ കണ്ടെത്തുന്ന പാൽ വിൽപ്പനക്കാർക്കെതിരെ 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിൽ അനുശാസിക്കും പ്രകാരം നിരോധന നടപടികൾ അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | പാല് കേട് കൂടാതെ സൂക്ഷിക്കുന്നതിന്, ആരോഗ്യത്തിന് ഹാനികരമായ ചില വസ്തുക്കൾ ചേർക്കുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് കണ്ടുപിടിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലിൽ ചേർക്കുന്ന ഹാനികരമായ വസ്തുക്കൾ കണ്ടെത്തുന്നതിന് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണ ത്തിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിട ങ്ങളിൽ സ്ഥിതി ചെയ്യുന്ന അനലിറ്റിക്കൽ ലാബിൽ സൗകര്യമുണ്ട്.<br><br>കൂടാതെ, പാലിൽ രാസവസ്തുക്കൾ ചേർത്തിട്ടുണ്ടോ എന്നത് കണ്ടുപിടിക്കുന്ന തിനുവേണ്ടി എൻ.ഡി.ഡി.ബി.യുടെ അംഗീ കാരമുള്ള അഡൽറ്ററേഷൻ കിറ്റ് മിൽമയുടെ എല്ലാ ഡയറികളിലും ബി.എം.സി.കളിലും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.